STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.193/PR/SPMC/PHQ/2025 Date: 18.07.2025

## പോക്സോ കേസ് അന്വേഷണം ത്വരിതപ്പെടുത്താൻ ഓരോ പോലീസ് ജില്ലകളിലും 16 അംഗ ടീം രൂപീകരിച്ചു

പോക്സോ കേസുകളിലുള്ള അന്വേഷണം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഇരുപതു പോലീസ് ജില്ലകളിലെയും ഡി.വൈ.എസ്.പി മാരുടെ കീഴിൽ 16 അംഗ ടീം രൂപീകരിച്ച് ഉത്തരവായി.

ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ അംഗീകരിച്ചാണ് ടീം രൂപീകരിക്കാൻ ഉത്തരവായത്.

ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും പോക്സോ കേസുകൾ അന്വേഷിക്കുന്നതിനായി ഡി.വൈ.എസ്.പിമാർക്ക് കീഴിൽ രണ്ട് എസ് ഐ , രണ്ട് എ എസ് ഐ , ആറ് എസ്.സി.പി.ഒ മാർ , അഞ്ചു സി.പി.ഒ മാർ എന്നിങ്ങനെയാണ് 16 അംഗ ടീം.

സുപ്രീം കോടതിയുടെ 2019 നവംബറിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി. പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുന്നതിന്റെ ഭാഗമായി 2025 ഏപ്രിലിൽ 304 തസ്തികകൾ രൂപവത്കരിച്ചിരുന്നു.

ഇതിന്റെ ഭാഗമായി 16 പോലീസ് ജില്ലകളിൽ നിലവിലുള്ള നാർക്കോട്ടിക് സെല്ലുകളെ ഡി.വൈ.എസ്.പി നാർക്കോട്ടിക് സെൽ ആൻഡ് ജെൻഡർ ജസ്റ്റിസ് എന്ന് പുനർനാമകരണം ചെയ്തു. കൂടാതെ ഡി.വൈ.എസ്.പിമാർക്ക് അധിക ചുമതലയും നൽകി. നാർക്കോട്ടിക് സെൽ നിലവിലില്ലാത്ത തൃശൂർ റൂറൽ, തൃശൂർ സിറ്റി, കൊല്ലം സിറ്റി , കൊല്ലം റൂറൽ എന്നിവിടങ്ങളിൽ നാല് ഡി.വൈ.എസ്.പി തസ്തികകൾ സൃഷ്ഠിക്കുകയും ചെയ്തു.

*********************